## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2826** | **18/06/2018-ലെ മറുപടിക്ക്** |

### തിരുവനന്തപുരം ജില്ല എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിലെ ഒഴിവുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ജോയി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ എത്ര ഒഴിവുകൾ നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;<br>(ബി) ആയതിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികയിൽ റഗുലർ ഒഴിവ് ഇല്ല. നിലവിലുണ്ടായിരുന്ന 4 ഒഴിവുകൾ 2017-18 തസ്തിക നിർണ്ണയത്തെ തുടർന്ന് തസ്തിക നഷ്ടമായി. 1:40 അനുപാതത്തിൽ താൽക്കാലികമായി നിലനിർത്തിയിരുന്ന എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) അദ്ധ്യാപകരെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഒഴിവുകൾ നിലവിലില്ലാത്തതിനാൽ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (സി) തസ്തികമാറ്റം മുഖേന എച്ച്.എസ്.റ്റി ഇംഗ്ലീഷ് തസ്തികയിൽ നിയമനം നടത്തുന്നതിന് എത്ര ഒഴിവുകൾ നീക്കി വച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | (സി) 2015-16, 2016-17 വർഷങ്ങളിലായി ബൈട്രാൻസ്ഫർ നിയമനത്തിനായി കെ.പി.എസ്.സി.യിലേയ്ക്ക് 7 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിരുന്നുവെങ്കിലും അതിലേയ്ക്ക് നിയമന ശുപാർശകൾ ലഭിക്കുകയുണ്ടായില്ല. 2017-18 തസ്തിക നിർണ്ണയ പ്രകാരം എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) തസ്തികകൾ നഷ്ടമായതിനാൽ റഗുലർ ഒഴിവ് ഒന്നും നിലവിലില്ല. |
| (ഡി) തിരുവനന്തപുരം ജില്ലയിലെ എല്ലാ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) എച്ച്.എസ്.റ്റി (ഇംഗ്ലീഷ്) ഒഴിവുകൾ ഉണ്ടാകുന്ന മുറയ്ക്ക് പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ